**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5048** **20-07-2022 - ൽ മറുപടിയ്ക്ക്**

**വാരപ്പെട്ടി പഞ്ചായത്തിലെ കെയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം വാരപ്പെട്ടി പഞ്ചായത്തിൽ ഭൂരഹിതരും ഭവനരഹിതരുമായവർക്കായി കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പിലെ A3/144/2020 ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ ; | (ബി) | വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മാറ്റി വച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 144/എ3/2020 എന്ന ഫയലിൽ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങളിൽ വ്യക്തത വരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർനടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി സഹകരണ വകുപ്പിന് അടിയന്തരമായി കൈമാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? | (സി) | വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി മാറ്റി വച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന |

| | | | |
|---|---|---|---|
| | | | ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 144/എ3/2020 എന്ന ഫയലിൽ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങളിൽ വ്യക്തത വരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോടു ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർനടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ